# Malayala Manorama
# 28 August 2018
# Karumaloor, After Flood, Cleaning



പ്രളയത്തിൽ ചെളിയിൽ മുങ്ങിയ കൊച്ചി കരുമാലൂർ തേൻതുരുത്തിക്കാവ് ക്ഷേത്രം മലപ്പുറത്തുനിന്നും എത്തിയ മുസ്‌ലിം ലീഗ് പ്രവർത്തകർ വൃത്തിയാക്കുന്നു.

## ക്ഷേത്രം വൃത്തിയാക്കി മുസ്‌ലിം യുവാക്കൾ

കരുമാലൂർ ● പ്രളയത്തിൽ ചെളി നിറഞ്ഞ ക്ഷേത്രം വൃത്തിയാക്കി മുസ്‌ലിം യുവാക്കൾ. മലപ്പുറം മമ്പാട് കാട്ടുമുണ്ടയിലെ മുസ്‌ലിം ലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ 30 പേരടങ്ങുന്ന യുവാക്കളുടെ സംഘമാണു പ്രളയക്കെടുതിയിൽ നാശം സംഭവിച്ച കരുമാലൂർ ചെറിയതേയ്ക്കാനത്തെ തേൻതുരുത്തിക്കാവ് ഭഗവതി ക്ഷേത്രം വൃത്തിയാക്കിയത്.

പത്തു വീടുകളും വൃത്തിയാക്കി.

ജാതി, മത വിവേചനങ്ങളെ അതിജീവിച്ചു കേരളത്തിന് എന്നും ഒരുമിച്ചു നിൽക്കാൻ കഴിയുമെന്ന് എല്ലാവരെയും മനസ്സിലാക്കാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായിക്കുമെന്നു ക്ഷേത്രം ഭാരവാഹികൾ പറഞ്ഞു.